# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 മെയ് 4**

---

## എം.ജി ക്യാറ്റ്; ഓൺലൈൻ രജിസ്ട്രേഷൻ മെയ് എട്ടുവരെ നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും ഇൻറർ സ്കൂൾ സെൻററുകളിലും എം.എ, എം.എസ്സി, എം.ടി.ടി.എം, എൽ.എൽ.എം. എം.എഡ്, എം.പി.ഇ.എസ്, എം.ബി.എ പ്രോഗ്രാമുകളിൽ 2024 വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻറെ സമയപരിധി മെയ് എട്ടുവരെ നീട്ടി. മെയ് 10 മുതൽ ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാം.

പ്രവേശന പരീക്ഷ മെയ് 17,18 തീയതികളിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾ https://cat.mgu.ac.in/ എന്ന വെബ് സൈറ്റിൽ ലഭിക്കും. അവസാന സെമസ്റ്റർ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. എം.എഡ് പ്രോഗ്രാമിന് യോഗ്യതാ പരീക്ഷയുടെ അവസാന രണ്ടു സെമസ്റ്ററുകളിലെ ഫലം കാത്തിരിക്കുന്നവരെയും പരിഗണിക്കും. അതത് പഠന വകുപ്പുകൾ പ്രവേശനത്തിനായി നിഷ്കർഷിക്കുന്ന തീയതിക്കുള്ളിൽ അക്ഷേകൾ നിശ്ചിത യോഗ്യത നേടിയിരിക്കണം.

എം.ബി.എ ഒഴികെയുള്ള പ്രോഗ്രാമുകളിലേയ്ക്ക് https://cat.mgu.ac.in/ എന്ന വെബ്സൈറ്റ് വഴിയും എം.ബി.എയ്ക്ക് https://admission.mgu.ac.in എന്ന വെബ്സൈറ്റ് വഴിയുമാണ് അപേക്ഷ നൽകേണ്ടത്.എം.ബി.എ പ്രോഗ്രാമിന് സർവകലാശാല പൊതു പ്രവേശന പരീക്ഷ നടത്തുന്നതല്ല.

ഫോൺ: 0481 2733595, ഇ-മെയിൽ: cat@mgu.ac.in എം.ബി.എ പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ 0481 2733367 എന്ന ഫോൺ നമ്പറിലും smbs@mgu.ac.in എന്ന ഇ-മെയിലിലും ലഭിക്കും.

(പി.ആർ.ഒ/39/336/2024)

## പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

ചിറ്റാർ ശ്രീനാരായണ കോളജ് പ്രവർത്തനം അവസാനിപ്പിക്കുന്നതിനാൽ ഇനിയുള്ള സിബിസി എസ്, സിബിസിഎസ്എസ് പരീക്ഷകൾക്ക് ഈ കോളജിലെ വിദ്യാർഥികളുടെ പരീക്ഷാ

കേന്ദ്രം കോന്നി വിഎൻഎസ് കോളജായിരിക്കും.
(പി.ആർ.ഒ/39/337/2024)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്(2021 അഡ്മിഷൻ പരാജയപ്പെട്ട വിദ്യാർഥികളുടെ സ്പെഷ്യൽ അപ്പിയറൻസ് മാർച്ച് 2024) പരീക്ഷയുടെ ബിഎ വോക്കൽ പ്രാക്ടിക്കൽ പരീക്ഷ മെയ് ആറിന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/338/2024)

## പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എംഎസ്സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി,എംഎസ്സി ബോട്ടണി, അപ്ലൈഡ് കെമിസ്ട്രി, പോളിമെർ കെമിസ്ട്രി(2022 അഡ്മിഷൻ റഗുലർ, 2021, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.
(പി.ആർ.ഒ/39/339/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**